പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: *310 | 19.02.2013 ൽ മറുപടിയ്ക്ക്

## സൂര്യനെല്ലി കേസിന്റെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തന്നെ പീഡിപ്പിച്ച ശ്രീ. പി. ജെ. കുര്യനെതിരെ തുടരന്വേഷണം നടത്തണം എന്ന സൂര്യനെല്ലി കേസിലെ ഇരയായ പെൺകുട്ടിയുടെ ആവശ്യം പരിശോധിക്കുകയുണ്ടായോ ; | (എ) പരിശോധിക്കുകയുണ്ടായി. |
| (ബി) രാഷ്ട്രപതി അംഗീകാരം നൽകിയ സ്ത്രീപീഡന വിരുദ്ധ ഓർഡിനൻസിന്റെയും സൂര്യനെല്ലി കേസിലെ സുപ്രീംകോടതി വിധിയുടെയും പശ്ചാത്തലത്തിൽ നിലപാട് വ്യക്തമാക്കുമോ ;<br><br>(സി) തുടർഅന്വേഷണം നടത്തി സത്യം പുറത്തു കൊണ്ടുവരുന്നതിനും കുറ്റവാളി ശിക്ഷിക്കപ്പെടുന്നതിനും ആഗ്രഹിക്കുന്നുണ്ടോ ; | (ബി) & (സി) രാഷ്ട്രപതി അംഗീകാരം നൽകിയ സ്ത്രീപീഡന ഓർഡിനൻസിന് മുൻകാല പ്രാബല്യമില്ല. ഇരയായ പെൺകുട്ടി പുതുതായി വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഒരു പുതിയ നിലപാട് സ്വീകരിച്ചിട്ടില്ല. |
| (ഡി) എങ്കിൽ കൂട്ടബലാത്സംഗത്തിനിരയായ പെൺകുട്ടിയുടെ നീതിക്ക് വേണ്ടിയുള്ള ആവശ്യം നിഷേധിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ട് ; | (ഡി) ഉദിക്കുന്നില്ല. |

........2

| | |
|---|---|
| (ഇ) ഇരയുടെ പരാതിയിന്മേൽ സർക്കാർ നിയമോപദേശം തേടുകയുണ്ടായോ ; എങ്കിൽ ആരിൽ നിന്ന് ; ഉപദേശം സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ; പരാതിയിൽ ആക്ഷേപിക്കപ്പെട്ടയാളും നിയമോപദേശം നൽകിയയാളും ഏതു രാഷ്ട്രീയ പാർട്ടിയുടെ സമുന്നതരായ നേതാക്കന്മാരാണ് ? | (ഇ) ഈ വിഷയത്തിൽ കേരളാ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും ഹൈക്കോടതിയിലെ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുമായ അഡ്വ.ടി. ആസിഫ് അലിയിൽ നിന്നും, നിയമവകുപ്പ് സെക്രട്ടറി ശ്രീ. സി.പി. രാമരാജ പ്രേമ പ്രസാദിൽ നിന്നും, മുൻ ഹൈക്കോടതി ജഡ്ജിയും സൂര്യനെല്ലി കേസിൽ സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരായി പെൺകുട്ടിക്കനുകൂലമായി സുപ്രീം കോടതിയിൽ നിന്നും വിധി സമ്പാദിക്കുകയും ചെയ്ത സുപ്രീം കോടതിയിലെ അഭിഭാഷകനായ റിട്ട. ജസ്റ്റിസ് ശ്രീ. പത്മനാഭൻ നായരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശങ്ങൾ ഇതിനകം തന്നെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. പ്രോസിക്യൂഷൻ ഡയറക്ടർ ജനറലായ ശ്രീ. ആസിഫ് അലിക്ക് ഇപ്പോൾ യാതൊരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ല. പരാതിയിൽ ആക്ഷേപിക്കപ്പെട്ടയാൾ കോൺഗ്രസിന്റെ രാജ്യസഭാംഗം ആണ്. |

സെക്ഷൻ ഓഫീസർ